# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6733 — 01.11.2011 ൽ മറുപടിക്ക്

## അവധി ദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് ബസ് കൺസഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) അവധിദിവസങ്ങളിൽ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യും ചില സ്വകാര്യബസ്സുകളും കൺസഷൻ നിഷേധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നിലവിൽ എത്ര കിലോമീറ്റർ ദൂരമാണ് ഒരു വിദ്യാർത്ഥിക്ക് ബസ് കൺസഷൻ ലഭിക്കുക; ദൂരപരിധി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) വാസസ്ഥലത്തുനിന്നും വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനം വരെ 40 കി.മീറ്റർ ദൂരം നിജപ്പെടുത്തിയാണ് വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് അനുവദിച്ച് വരുന്നത്. കേരളത്തിൽ എല്ലാതരത്തിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും വളരെ അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. 40 കി.മീറ്റർ എന്ന ദൂരപരിധി വർഷങ്ങൾക്കു മുമ്പ് നിശ്ചയിക്കപ്പെട്ടതാണ്. ഇടുക്കി പോലുള്ള വളരെ ചുരുക്കം ജില്ലകൾ മാത്രമാണ് അതിന് അപവാദമായിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇത് പരിഹരിക്കുന്നതിലേയ്ക്കായി 40 കി.മീറ്ററിനകത്ത് വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം ഇല്ലായെങ്കിൽ പഠിക്കുന്ന സ്ഥാപനത്തിലെ പ്രധാന അധ്യാപകന്റെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ 40 കി.മീറ്റർ എന്ന ദൂരപരിധി മാനദണ്ഡമാക്കാതെ കൺസഷൻ ടിക്കറ്റ് നൽകുന്നതിന് കെ.എസ്.ആർ.ടി.സി തീരുമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) അവധി ദിവസങ്ങളിൽ ബസ് കൺസഷൻ നിഷേധിക്കുന്നതുകൊണ്ട് റ്റ്യൂഷൻ ക്ളാസ്സുകൾ, സ്പെഷ്യൽ ക്ളാസ്സുകൾ, സ്വാതന്ത്ര്യദിനപരിപാടി എന്നിവയിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) എങ്കിൽ അവധിദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യിലും സ്വകാര്യബസ്സുകളിലും ബസ് കൺസഷൻ അനുവദിക്കാൻ ഉത്തരവ് നൽകുമോ; ഈ രീതിയിൽ കൺസഷൻ നൽകാത്തവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; . വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) അവധിദിവസങ്ങളിലും വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി.യിലും സ്വകാര്യ ബസ്സുകളിലും കൺസഷൻ ടിക്കറ്റ് അനുവദിച്ച് യാത്ര ചെയ്യുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവാദം നൽകിയിട്ടുണ്ട്. അതിനെതിരെ ചില സ്വകാര്യ ബസ് സംഘടനകൾ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയത് ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. |

qr.

സെക്ഷൻ ഓഫീസർ